പന്ത്രണ്ടാം കേരള നിയമസഭ
ബിൽ നമ്പർ 256

# 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ

സംഘടിതമായ വിലപേശൽ സുഗമമാക്കുന്നതിനുവേണ്ടിയും
വ്യാവസായിക സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളുടെ
ബാഹുല്യം നിയന്ത്രിക്കുന്നതിനും അതുമായി
ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക
മായതോ ആയ കാര്യങ്ങൾക്കും
വേണ്ടി ട്രേഡ് യൂണിയനു
കളുടെ അംഗീകരണം
വ്യവസ്ഥ ചെയ്യുന്ന
തിനുള്ള

ഒരു

ബിൽ

പീഠിക.—സംഘടിതമായ വിലപേശൽ സുഗമമാക്കുന്നതിനുവേണ്ടിയും വ്യാവസായിക സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി ട്രേഡ് യൂണിയനുകളുടെ അംഗീകരണം വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, പ്രാരംഭവും ബാധകമാക്കലും.—(1) ഈ ആക്റ്റിന് 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ആക്റ്റ് എന്നു പേര് പറയാം.

(2) ഇത് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇത്,—

(എ) 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാർ സമുചിത സർക്കാരായിട്ടുള്ള വ്യാവസായിക സ്ഥാപനങ്ങൾ ഒഴികെ, കേരളത്തിൽ സ്ഥിതി ചെയ്യുന്ന എല്ലാ വ്യാവസായിക സ്ഥാപനങ്ങളിലും അതിൽ അൻപതോ അതിലധികമോ തൊഴിലാളികൾ, തൊഴിലെടുക്കുന്നതോ അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളിലെ ഏതെങ്കിലും ദിവസം ജോലി ചെയ്തിരുന്നതോ ആയിട്ടുള്ളിടത്തും ;

(ബി) അങ്ങനെയുള്ള വ്യാവസായിക സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ ട്രേഡ് യൂണിയനും,

ബാധകമാകുന്നതാണ് :

എന്നാൽ സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, അൻപത് എണ്ണത്തിൽ കുറവായ ആളുകൾ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അത്രയും എണ്ണം, തൊഴിലെടുക്കുന്ന ഏതെങ്കിലും വ്യാവസായിക സ്ഥാപനത്തിൽ അങ്ങനെ ചെയ്യുവാനുള്ള അതിന്റെ ഉദ്ദേശ്യം കാണിക്കുന്ന അറുപത് ദിവസത്തിൽ കുറയാതെയുള്ള നോട്ടീസ് നൽകിക്കൊണ്ട് ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കാവുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട വ്യവസായം" എന്നാൽ വ്യവസായങ്ങളുടെ കൂട്ടത്തെ അവയുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്നത് എന്നർത്ഥമാകുന്നു ;

(ബി) "ഒരു വ്യവസായത്തെയോ ഒരു വ്യാവസായിക സ്ഥാപനത്തെയോ സംബന്ധിച്ച ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ പ്രധാന ഘടകം" എന്നാൽ ആ വ്യവസായത്തിലോ വ്യാവസായിക സ്ഥാപനത്തിലോ, അതതു സംഗതിപോലെ, പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത ഈ ആക്റ്റിന്റെ 9-ാം വകുപ്പ് പ്രകാരം അംഗീകരണമുള്ള, ഒരു ട്രേഡ് യൂണിയൻ എന്നർത്ഥമാകുന്നു ;

(സി) "നിയോജകൻ" എന്നതിന് 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (ജി) ഖണ്ഡത്തിൽ നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ് ;

(ഡി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ഇ) "വ്യാവസായിക സ്ഥാപനം" എന്നതിന് 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ 2-ാം വകുപ്പ് (കെഎ) ഖണ്ഡത്തിൽ നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ് ;

(എഫ്) "വ്യവസായം" എന്നതിന് 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ 2-ാം വകുപ്പ് (ജെ) ഖണ്ഡത്തിൽ നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ് ;

(ജി) "തദ്ദേശപ്രദേശം" എന്നാൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട വ്യവസായവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന, കേരളത്തിലെ, പൂർണ്ണമായോ ഭാഗികമായോ ഉൾപ്പെടുന്ന, പ്രദേശം എന്നർത്ഥമാകുന്നു ;

(എച്ച്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(ഐ) "ഒരു വ്യവസായത്തെയോ വ്യാവസായിക സ്ഥാപനത്തെയോ സംബന്ധിച്ച പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റ്" എന്നാൽ ആ വ്യവസായത്തിലോ വ്യാവസായിക സ്ഥാപനത്തിലോ, അതതു സംഗതിപോലെ, പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത ഈ ആക്റ്റിന്റെ 9-ാം വകുപ്പ് പ്രകാരം അംഗീകരണമുള്ള ഒരു ട്രേഡ് യൂണിയൻ എന്നർത്ഥമാകുന്നു ;

(ജെ) "അംഗീകൃത ട്രേഡ് യൂണിയൻ" എന്നാൽ ഈ ആക്റ്റിന്റെ 9-ാം വകുപ്പ് പ്രകാരം അംഗീകരണമുള്ള ഒരു ട്രേഡ് യൂണിയൻ എന്നർത്ഥമാകുന്നു ;

(കെ) "രജിസ്ട്രാർ" എന്നാൽ ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനുവേണ്ടി ഈ ആക്റ്റിന്റെ 3-ാം വകുപ്പുപ്രകാരം സർക്കാർ നിയമിക്കുന്ന ഒരു രജിസ്ട്രാർ എന്നർത്ഥമാകുന്നതും, ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനു വേണ്ടിയുള്ള ഏതെങ്കിലും അഡീഷണൽ അല്ലെങ്കിൽ ഡെപ്യൂട്ടി രജിസ്ട്രാർ ഉൾപ്പെടുന്നതുമാകുന്നു ;

(എൽ) "ഒരു വ്യവസായത്തെയോ വ്യാവസായിക സ്ഥാപനത്തെയോ സംബന്ധിച്ച സോൾ ബാർഗെയിനിംഗ് ഏജന്റ്" എന്നാൽ, ഒരു വ്യവസായത്തിലോ ആ വ്യാവസായിക സ്ഥാപനത്തിലോ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത ഈ ആക്റ്റിലെ 9-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരണമുള്ള ഒരു ട്രേഡ് യൂണിയൻ എന്നർത്ഥമാകുന്നു ;

(എം) "ട്രേഡ് യൂണിയൻ" എന്നാൽ 1926-ലെ ട്രേഡ് യൂണിയൻ ആക്റ്റ് (1926-ലെ 16-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ട്രേഡ് യൂണിയൻ എന്നർത്ഥമാകുന്നു ;

(എൻ) "തൊഴിലാളി" എന്നതിന് 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ 2-ാം വകുപ്പ് (എസ്) ഖണ്ഡത്തിൽ നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും ഇതിൽ നിർവ്വചിച്ചിട്ടില്ലാത്തതും, എന്നാൽ 1926-ലെ ട്രേഡ് യൂണിയൻ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് കേന്ദ്ര ആക്റ്റിൽ യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. <u>രജിസ്ട്രാറുടെ നിയമനവും അധികാരങ്ങളും</u>.—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, അതിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനെ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും ഉള്ള ആവശ്യത്തിനുവേണ്ടി ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനുള്ള രജിസ്ട്രാറായി നിയമിക്കാവുന്നതാണ്.

(2) സർക്കാരിന്, ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനുള്ള രജിസ്ട്രാറുടെ മേലന്വേഷണവും നിർദ്ദേശവും പ്രകാരം, അതിന് ഉചിതമെന്ന് തോന്നുന്നത്ര അഡീഷണലും ഡെപ്യൂട്ടിയും രജിസ്ട്രാർമാരെ നിയമിക്കാവുന്നതും, ഈ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രാറുടെ അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയും നിർവ്വഹിക്കുകയും

ചെയ്യുന്ന ആവശ്യത്തിലേക്കായി, അതിന്, ഉത്തരവു വഴി, ഏതെങ്കിലും ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനുള്ള അഡീഷണലോ ഡെപ്യൂട്ടിയോ രജിസ്ട്രാറുടെ അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടത് ഏത് തദ്ദേശാതിർത്തിക്കുള്ളിലാണെന്ന് വിനിർദ്ദേശിക്കുകയും നിർവ്വചിക്കുകയും ചെയ്യാവുന്നതുമാണ്.

(3) (2)-ാം ഉപവകുപ്പിന് വിധേയമായി, ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനുള്ള ഒരു അഡീഷണലോ ഡെപ്യൂട്ടിയോ രജിസ്ട്രാർ ഒരു രജിസ്റ്റർ ചെയ്തതും അംഗീകരണം ലഭിച്ചതും ആയ ട്രേഡ് യൂണിയന്റെ രജിസ്റ്റർ ചെയ്ത ആഫീസ് സ്ഥിതി ചെയ്യുന്ന ഒരു പ്രദേശത്തിനുള്ളിൽ ഒരു രജിസ്ട്രാറുടെ അധികാരങ്ങളും ചുമതലകളും, വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നിടത്ത്, ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനുവേണ്ടിയുള്ള അഡീഷണലോ ഡെപ്യൂട്ടിയോ രജിസ്ട്രാറെ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനുള്ള രജിസ്ട്രാറായി കരുതപ്പെടേണ്ടതാണ്.

4. അംഗീകരണത്തിന്റെ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ.—(1) (3)-ാം ഉപവകുപ്പിന് വിധേയമായി, ഏതൊരു രജിസ്റ്റർ ചെയ്ത ട്രേഡ് യൂണിയനും, ഒരു വ്യാവസായിക സ്ഥാപനത്തിന്റെയോ ഒരു തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിന്റെയോ, അതതു സംഗതിപോലെ, അംഗീകരിച്ച ഒരു ട്രേഡ് യൂണിയനായിട്ടുള്ള അംഗീകരണത്തിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെട്ട രീതിയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസിനോടൊപ്പം രജിസ്ട്രാർക്ക് അപേക്ഷ നൽകാവുന്നതാണ്.

(2) ഒരു വ്യാവസായിക സ്ഥാപനത്തെയോ ഒരു തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തെയോ, അതതുസംഗതിപോലെ, സംബന്ധിച്ച് അങ്ങനെയുള്ള വ്യാവസായിക സ്ഥാപനത്തിനോ വിഭാഗത്തിൽപ്പെട്ട വ്യവസായത്തിനോ, അതതുസംഗതിപോലെ, സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം അംഗീകരിച്ച ഒരു ട്രേഡ് യൂണിയൻ ഇപ്പോൾതന്നെ ഉണ്ടെങ്കിൽ ബന്ധപ്പെട്ട നിയോജകൻ ആ ട്രേഡ് യൂണിയന് അംഗീകരണം നൽകിയ തീയതി മുതൽ തൊട്ടടുത്ത് വരുന്ന രണ്ടുവർഷക്കാലയളവിലേക്ക് യാതൊരു അപേക്ഷകളും സ്വീകരിക്കുവാൻ പാടുള്ളതല്ല :

എന്നാൽ ആ കാലയളവിൽ ഈ ആക്റ്റ് പ്രകാരം ബന്ധപ്പെട്ട ട്രേഡ് യൂണിയന്റെ അംഗീകരണം റദ്ദാക്കിയിട്ടുണ്ടെങ്കിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള രണ്ട് വർഷകാലയളവിനുള്ളിൽ രജിസ്ട്രാർക്ക് അങ്ങനെയുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്:

എന്നുമാത്രമല്ല 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, ഒരു അംഗീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളിടത്ത്, ബന്ധപ്പെട്ട നിയോജകൻ ഒരു ട്രേഡ് യൂണിയന് അംഗീകരണം നൽകിയ തീയതിയെത്തുടർന്നു തൊട്ടടുത്തു വരുന്ന ആറുമാസക്കാലയളവ് അവസാനിച്ചാൽ ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ ഒരു പ്രധാന ഘടകമായി അംഗീകരണത്തിനുള്ള പിൻബലത്തിന് ആവശ്യമായ, ഏറ്റവും കുറഞ്ഞ എണ്ണം അർഹതപ്പെട്ട തൊഴിലാളികളുടെ ഒപ്പുകൾ അടങ്ങിയിട്ടുള്ള ഒരു രേഖ അത്തരം അപേക്ഷയോടൊപ്പം നൽകാത്തപക്ഷം രജിസ്ട്രാർ അത്തരത്തിലുള്ള യാതൊരു അപേക്ഷയും സ്വീകരിക്കുവാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി രജിസ്ട്രാറിന് മറ്റ് ഏതെങ്കിലും യൂണിയന്റെ പിന്നീടുള്ള അപേക്ഷ സ്വീകരിക്കാവുന്നതാണ് :

എന്നിരുന്നാലും ഒരു തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തെ സംബന്ധിച്ച് അംഗീകരണം നിലവിലുള്ള ട്രേഡ് യൂണിയനുകൾക്ക് ഒരു തദ്ദേശപ്രദേശത്ത് ആ വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലെ ഒരു ഒറ്റ വ്യാവസായികസ്ഥാപനത്തിന് അംഗീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടിയുള്ള ഒരു അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമാകുന്നതല്ല.

(3) യാതൊരു ട്രേഡ് യൂണിയനും (1)-ാം ഉപവകുപ്പുപ്രകാരം അംഗീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷിക്കുവാൻ,—

(i) അത്, അപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് തൊട്ടുമുൻപ് കുറഞ്ഞത് ആറുമാസക്കാലയളവിലേക്ക് ഒരു വ്യാവസായികസ്ഥാപനത്തിന്റെയോ തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിന്റെയോ, അതതുസംഗതിപോലെ, രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ട്രേഡ് യൂണിയൻ ആയിരുന്നെങ്കിൽ ;

(ii) അതിലെ അംഗത്വത്തിന് വ്യാവസായികസ്ഥാപനത്തിലോ തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലോ, അതതുസംഗതിപോലെ, ജോലിചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും, അവസരം ഉണ്ടായിരുന്നുവെങ്കിൽ,

അർഹരാകുന്നതല്ലാത്തതാണ്.

5. <u>അംഗീകരണത്തിനുള്ള സർട്ടിഫിക്കറ്റ് നൽകൽ.</u>—(1) 4-ാം വകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ കൈപ്പറ്റുകയും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുകയും ചെയ്താൽ ഒരു വ്യാവസായിക സ്ഥാപനത്തിലോ ഒരു തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലോ, അതതുസംഗതിപോലെ, പ്രവർത്തിക്കുന്ന മറ്റു ട്രേഡ് യൂണിയനുകൾക്ക്, രജിസ്ട്രാർ നോട്ടീസ് നൽകേണ്ടതും അപേക്ഷക ട്രേഡ് യൂണിയൻ 4-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്ന് തീരുമാനിക്കുന്നതിനും മറ്റേതെങ്കിലും ട്രേഡ് യൂണിയൻ അംഗീകരണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് താല്പര്യപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനുമായി, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള അന്വേഷണം പൂർത്തിയായാൽ, രജിസ്ട്രാർക്ക്, അപേക്ഷക ട്രേഡ് യൂണിയൻ,—

(i) 4-ാം വകുപ്പിലെ (2)-ഉം (3)-ഉം ഉപവകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളിൽ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റിയിട്ടില്ലെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹം അപേക്ഷ തള്ളിക്കളയേണ്ടതും അപ്രകാരം തള്ളിക്കളഞ്ഞതിന്റെ കാരണം ട്രേഡ് യൂണിയനെ അറിയിക്കേണ്ടതുമാണ് ;

(ii) 4-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും നിറവേറ്റുന്നുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അദ്ദേഹം ഇതിനുശേഷം വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം തുടർന്ന് നടപടി എടുക്കേണ്ടതാണ്.

(3) ഒരു വ്യാവസായിക സ്ഥാപനത്തേയോ ഒരു തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തെയോ, അതതുസംഗതിപോലെ, സംബന്ധിച്ച് 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ നിറവേറ്റുന്ന ഒരു

അപേക്ഷക ട്രേഡ് യൂണിയൻ മാത്രമേ ഉള്ളൂ എങ്കിൽ രജിസ്ട്രാർ ഈ ആവശ്യത്തിലേക്കായി അദ്ദേഹം സൂക്ഷിച്ചുപോരുന്ന നിർണ്ണയിക്കപ്പെട്ടിട്ടുള്ള രജിസ്റ്ററിൽ ആ യൂണിയന്റെ പേരു ചേർക്കേണ്ടതും, കഴിയുന്നത്രവേഗം ബന്ധപ്പെട്ട നിയോജകനാൽ ആ ട്രേഡ് യൂണിയന് അംഗീകരണം നിർദ്ദേശിച്ചുകൊണ്ട് അപേക്ഷക ട്രേഡ് യൂണിയന് നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതും അപ്രകാരമുള്ള അംഗീകരണത്തിന്മേൽ, ആ വ്യാവസായിക സ്ഥാപനത്തെയോ തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തെയോ, അതതുസംഗതിപോലെ, സംബന്ധിച്ച് ആ ട്രേഡ് യൂണിയൻ സോൾ ബാർഗെയിനിംഗ് ഏജന്റായിരിക്കുന്നതുമാണ്.

(4) ഒരു വ്യാവസായിക സ്ഥാപനത്തെയോ ഒരു തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തെയോ, അതതുസംഗതിപോലെ, സംബന്ധിച്ച് 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ നിറവേറ്റുന്ന ഒന്നിലധികം അപേക്ഷക ട്രേഡ് യൂണിയനുകളുണ്ടെങ്കിൽ രജിസ്ട്രാർ വ്യാവസായിക സ്ഥാപനത്തിലോ തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലോ, അതതുസംഗതിപോലെ, ജോലി ചെയ്യുന്ന തൊഴിലാളികൾ രേഖപ്പെടുത്തിയിട്ടുള്ള സമ്മതിദാനത്തിൽ ഏത് അപേക്ഷക ട്രേഡ് യൂണിയനാണ് ഏറ്റവും കൂടുതൽ എണ്ണം സമ്മതിദാനം, അമ്പതു ശതമാനത്തിലധികമായി, കരസ്ഥമാക്കുന്നുവെന്ന് ഉറപ്പ് വരുത്തന്നതിനായി നിർണ്ണയിക്കപ്പെട്ട രീതിയിൽ രഹസ്യ ബാലറ്റിലൂടെ ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഏർപ്പാട് ചെയ്യേണ്ടതും ഈ ആവശ്യത്തിലേക്കായി അദ്ദേഹം സൂക്ഷിച്ചുപോരുന്ന നിർണ്ണയിക്കപ്പെട്ടിട്ടുള്ള രജിസ്റ്ററിൽ മേൽപ്പറഞ്ഞപോലെ ഏറ്റവും കൂടുതൽ എണ്ണം സമ്മതിദാനം കരസ്ഥമാക്കുന്ന ട്രേഡ് യൂണിയന്റെ പേര് രേഖപ്പെടുത്തിയതിനുശേഷം, ബന്ധപ്പെട്ട നിയോജകനാൽ ആ ട്രേഡ് യൂണിയന് അംഗീകരണം നിർദ്ദേശിച്ചുകൊണ്ട് നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള ഒരു സർട്ടിഫിക്കറ്റ് ആ ട്രേഡ് യൂണിയന് നൽകേണ്ടതും അപ്രകാരമുള്ള അംഗീകരണത്തോടെ, ആ ട്രേഡ് യൂണിയൻ ആയിരിക്കും വ്യാവസായിക സ്ഥാപനത്തേയോ, തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തേയോ, അതതുസംഗതിപോലെ, സംബന്ധിച്ച സോൾ ബാർഗെയിനിംഗ് ഏജന്റ്:

എന്നാൽ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിൽ പത്ത് ശതമാനം സമ്മതിദാനമോ ഒരു വ്യാവസായിക സ്ഥാപനത്തിൽ പതിനഞ്ച് ശതമാനം സമ്മതിദാനമോ നേടുന്ന ശേഷിക്കുന്ന ട്രേഡ് യൂണിയനുകൾക്ക് ഒരു അംഗീകൃത ട്രേഡ് യൂണിയനുള്ള എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുന്നതും ഒരു ഒത്തുതീർപ്പിൽ ഒരു കക്ഷി ആയിരിക്കുന്നതുമാണ്, എന്നാൽ ഒരു അഭിപ്രായ സമന്വയത്തിൽ എത്താൻ കഴിയാത്തിടത്ത്, സോൾ ബാർഗെയിനിംഗ് ഏജന്റിന് ഒത്തുതീർപ്പിൽ ഒപ്പുവയ്ക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതും അത്, 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ 12 (3) വകുപ്പുപ്രകാരം ബാധകമായിരിക്കുന്നതുമാണ്.

(5) തദ്ദേശ പ്രദേശത്തുള്ള ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ രേഖപ്പെടുത്തിയ സമ്മതിദാനത്തിൽ പത്ത് ശതമാനത്തിൽ കുറയാത്ത സമ്മതിദാനം കരസ്ഥമാക്കിയതോ ബന്ധപ്പെട്ട വ്യാവസായിക സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ രേഖപ്പെടുത്തിയ സമ്മതിദാനത്തിൽ പതിനഞ്ച് ശതമാനത്തിൽ കുറയാത്ത സമ്മതിദാനം കരസ്ഥമാക്കിയതോ ആയ ട്രേഡ് യൂണിയനുകളുടെ, അതതുസംഗതിപോലെ, പേരുകൾ രജിസ്ട്രാർ ഈ ആവശ്യത്തിലേ

ക്കായി അദ്ദേഹം സൂക്ഷിച്ചുപോരുന്ന നിർണ്ണയിക്കപ്പെട്ടിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ബന്ധപ്പെട്ട നിയോജകനോട് അങ്ങനെയുള്ള ട്രേഡ് യൂണിയനുകളെ വ്യാവസായിക സ്ഥാപനത്തേയോ തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തേയോ, അതതുസംഗതിപോലെ, സംബന്ധിച്ച ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ പ്രധാന ഘടകങ്ങളായി അംഗീകരിക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ട് നിർണ്ണയിക്കപ്പെട്ട രീതിയിൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതും അങ്ങനെയുള്ള യൂണിയനുകൾക്കിടയിൽ നിന്നും, ഏറ്റവും കൂടുതൽ സമ്മതിദാനം കരസ്ഥമാക്കുന്ന ട്രേഡ് യൂണിയന്, പ്രസ്തുത യൂണിയൻ തൊഴിലാളികൾ രേഖപ്പെടുത്തിയ സമ്മതിദാനത്തിന്റെ മൂന്നിലൊന്നിൽ കുറയാത്ത സമ്മതിദാനം കരസ്ഥമാക്കിയാൽ, വ്യാവസായിക സ്ഥാപനത്തേയോ തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തേയോ, അതതുസംഗതിപോലെ, സംബന്ധിച്ച ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റായി അംഗീകരിക്കുവാൻ ബന്ധപ്പെട്ട നിയോജകനോട് നിർദ്ദേശം നൽകിക്കൊണ്ടുള്ള ഒരു സർട്ടഫിക്കറ്റ് നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകേണ്ടതുമാണ്.

(6) ഒരു വ്യാവസായികസ്ഥാപനത്തിലോ തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലോ അതതുസംഗതിപോലെ, ജോലി ചെയ്യുന്ന തൊഴിലാളികളെ സംബന്ധിക്കുന്ന ഏതെങ്കിലും പരസ്പര ആലോചനയിൽ, ചർച്ചയിൽ, അല്ലെങ്കിൽ ഒത്തുതീർപ്പിൽ പങ്കെടുക്കുന്നതിനുള്ള അവകാശം ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ പ്രധാന ഘടകങ്ങൾക്ക് ഉണ്ടായിരിക്കുന്നതാണ്. പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റ് ഇല്ലാത്തിടത്ത് ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ പ്രധാന ഘടകങ്ങളായി അംഗീകരണം ലഭിച്ചിട്ടുള്ളതും തെരഞ്ഞെടുപ്പിൽ അമ്പതുശതമാനത്തിലധികം വോട്ട് കൂട്ടായി നേടുകയും ചെയ്തിട്ടുള്ള രണ്ടോ അതിലധികമോ ട്രേഡ് യൂണിയനുകൾക്ക് ഏതെങ്കിലും ഒത്തുതീർപ്പിൽ ഒപ്പുവയ്ക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(7) ഒരു ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിൽ ഒരു പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റ് ഉള്ളിടത്ത്, ബന്ധപ്പെട്ട വ്യാവസായിക സ്ഥാപനത്തിലോ, ഒരു തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലോ, അതതുസംഗതിപോലെ, ഒരു കക്ഷിയെന്നപോലെ പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റിനെക്കൂടാതെ യാതൊരു ഒത്തുതീർപ്പിലും എത്തുവാൻ പാടുള്ളതല്ല.

6. അംഗീകരണത്തിനുള്ള സർട്ടിഫിക്കറ്റിന്റെ പിൻവലിക്കൽ അല്ലെങ്കിൽ റദ്ദാക്കൽ.—ഒരു ട്രേഡ് യൂണിയന് നൽകിയിട്ടുള്ള ഒരു അംഗീകരണ സർട്ടിഫിക്കറ്റ്, വഞ്ചനാപരമായി നേടിയിട്ടുള്ളതാണെന്നോ ആ ട്രേഡ് യൂണിയൻ നിലവിലില്ലാതായെന്നോ ട്രേഡ് യൂണയിന് ആവശ്യമായത്ര ശതമാനം അംഗത്വം നഷ്ടമായെന്നോ ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്നോ രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹത്തിന് ആ സർട്ടഫിക്കറ്റ് പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ സർട്ടഫിക്കറ്റ് പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുമ്പ്, രജിസ്ട്രാർ, ഏത് കാരണത്താലാണ് സർട്ടഫിക്കറ്റ് പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദീകരിച്ചുകൊണ്ടുള്ള മുപ്പത് ദിവസത്തിൽ കുറയാത്ത ലിഖിതമായ മുൻകൂർ നോട്ടീസ് ബന്ധപ്പെട്ട ട്രേഡ് യൂണിയന് നൽകേണ്ടതും അവർക്ക് പറയുവാനുള്ളത് പറയുവാനുള്ള അവസരവും നൽകേണ്ടതുമാണ്.

7. അപ്പീലുകൾ.—(1) 6-ാം വകുപ്പുപ്രകാരം അംഗീകരണത്തിനുള്ള സർട്ടിഫിക്കറ്റ് പിൻവലിക്കപ്പെടുകയോ റദ്ദാക്കപ്പെടുകയോ ചെയ്യപ്പെട്ട ഏതൊരു ട്രേഡ് യൂണിയനും അല്ലെങ്കിൽ 5-ാം വകുപ്പുപ്രകാരം അംഗീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് രജിസ്ട്രാർ വിസമ്മതിച്ചതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരു ട്രേഡ് യൂണിയനും അങ്ങനെ പിൻവലിക്കപ്പെടുകയോ റദ്ദാക്കപ്പെടുകയോ വിസമ്മതിക്കുകയോ ചെയ്ത തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നൽകുന്നതിൻമേലും സർക്കാർ ഇതിലേക്കായി വിനിർദ്ദേശിച്ചിട്ടുള്ള അധികാരസ്ഥാനത്തിനു മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപ്പീൽ അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയതും നിർണ്ണയിക്കപ്പെടാവുന്ന ഫീസോടു കൂടിയതുമായിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് അധികാരസ്ഥാനത്തിന്, അതിന് യുക്തമെന്ന് തോന്നുന്ന അന്വേഷണ വിചാരണയ്ക്കുശേഷവും ബാധിക്കപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയതിനുശേഷവും അപ്പീൽ തള്ളിക്കളയുകയോ, മറിച്ചു വിധിക്കുകയോ, സ്ഥിരീകരിക്കുകയോ രൂപഭേദം വരുത്തുകയോ ചെയ്യാവുന്നതും അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരണത്തിനുള്ള ഒരു സർട്ടിഫിക്കറ്റ് നൽകുന്നതിന് രജിസ്ട്രാറോട് നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പാസ്സാക്കാവുന്നതും രജിസ്ട്രാർ ആ ഉത്തരവ് അനുസരിക്കേണ്ടതും ആണ്.

8. സമ്മതിദാനത്തിനുള്ള അർഹത.—ഒരു വ്യാവസായിക സ്ഥാപനവുമായോ തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായവുമായോ, അതതുസംഗതിപോലെ, ബന്ധപ്പെട്ട് 5-ാം വകുപ്പിന്റെ ആവശ്യത്തിലേക്കായി, 18 വയസ്സിന് മുകളിൽ പ്രായമുള്ളതും ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിന് പ്രഖ്യാപിച്ച തീയതിക്ക് തൊട്ടുമുമ്പുള്ള പന്ത്രണ്ടു മാസക്കാലയളവിൽ 120 ദിവസം സേവനത്തിലുള്ളതുമായ എല്ലാ തൊഴിലാളികൾക്കും സമ്മതിദാനത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നതും, എന്നാൽ ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി അടച്ച് പൂട്ടൽ, ലോക്ക് ഔട്ട്, സമരം, ലേ ഓഫ്, അല്ലെങ്കിൽ അവധി മുഖേന എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടെങ്കിൽ അത് സേവനത്തിനുള്ള ഒരു തടസ്സമായി കണക്കാക്കുന്നതല്ല.

9. ട്രേഡ് യൂണിയന്റെ അംഗീകരണം.—(1) 5-ാം വകുപ്പുപ്രകാരം ട്രേഡ് യൂണിയനുകളുടെ അംഗീകരണം നിർദ്ദേശിച്ചുകൊണ്ടുള്ള രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് കൈപ്പറ്റിയാൽ, നിയോജകൻ അല്ലെങ്കിൽ നിയോജകർ, അതതുസംഗതിപോലെ, സർട്ടിഫിക്കറ്റ് ഏതുമായിട്ടാണോ ബന്ധപ്പെട്ടിരിക്കുന്നത് അതുമായി ബന്ധപ്പെട്ട വ്യാവസായിക സ്ഥാപനത്തിലെയോ തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലെയോ, അതതുസംഗതിപോലെ, ട്രേഡ് യൂണിയനുകൾക്ക് സോൾ ബാർഗെയിനിംഗ് ഏജന്റായോ പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റായോ ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ ഒരു പ്രധാന ഘടകമായോ ഉള്ള അംഗീകരണം, നിർണ്ണയിക്കപ്പെട്ട രീതിയിൽ, നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അംഗീകരണം ലഭിച്ച ഒരു ട്രേഡ് യൂണിയനെ, എല്ലാ ഫെഡറേഷനാലും അസ്സോസ്സിയേഷനാലും അതേ വ്യാവസായിക സ്ഥാപനവു

മായോ ഒരു തദ്ദേശപ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായവുമായോ അതതുസം ഗതിപോലെ, ബന്ധപ്പെട്ട നിയോജകരുടെ സംഘടനയാലും ഒരു സോൾ ബാർഗെയിനിംഗ് ഏജന്റായോ പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റായോ ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ ഒരു പ്രധാന ഘടകമായോ കൂടി, അതതുസംഗതിപോലെ, അംഗീകരിക്കേ ണ്ടതാണ്.

(3) 6-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ വകുപ്പ് പ്രകാരം നൽക പ്പെട്ടിട്ടുള്ള ഏതൊരു അംഗീകരണവും, നിയോജകനാൽ അത്തരം അംഗീകരണം നൽകിയ തീയതി മുതൽ രണ്ട് വർഷക്കാലത്തേക്ക് പ്രാവർത്തികമായിരിക്കുന്നതാണ്:

എന്നാൽ അങ്ങനെയുള്ള അംഗീകരണം, രണ്ട് വർഷക്കാലം അവസാനിച്ചതിനു ശേഷവും, ആറു മാസങ്ങൾ വരെയാകാവുന്ന ഒരു കാലയളവ് വരെയോ അതിന്റെ സ്ഥാനത്ത് പുതിയ ഒരു അംഗീകരണം ലഭിക്കുന്നതു വരെയോ, അവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ, പ്രവർത്തനത്തിൽ തുടരുന്നതാണ്.

10. അംഗീകൃത ട്രേഡ് യൂണിയന്റെ അവകാശങ്ങൾ.—(1) ഒരു ട്രേഡ് യൂണിയൻ ഒരു സോൾ ബാർഗെയിനിംഗ് ഏജന്റോ ഒരു പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റോ ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിലെ ഒരു പ്രധാന ഘടകമോ ആയിരിക്കുമ്പോൾ, നിർണ്ണയിക്കപ്പെടാവുന്ന രീതിക്കും വ്യവസ്ഥകൾക്കും വധേയമായി,—

(എ) വ്യാവസായിക സ്ഥാപനത്തേയോ ഒരു തദ്ദേശ പ്രദേശത്തെ ഒരു വിഭാഗ ത്തിൽപ്പെട്ട വ്യവസായത്തേയോ, അതതുസംഗതിപോലെ, സംബന്ധിച്ച് ഏതിന് വേണ്ടി യാണോ അതിന് അംഗീകരണം നൽകിയിട്ടുള്ളത് അതിലെ ഏതെങ്കിലും പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും തൊഴിലാളിയുടെ തൊഴിലിനേയോ തൊഴിലില്ലായ്മയേയോ അല്ലെങ്കിൽ ജോലിയിലെ നിബന്ധനകളേയും തൊഴിലിലെ വ്യവസ്ഥകളേയും കുറിച്ചുള്ള പൊതു പ്രശ്നങ്ങളിന്മേൽ നിയോജകൻ അല്ലെങ്കിൽ നിയോജകരുമായി കൂട്ടായ ഉടമ്പടിയിൽ ഏർപ്പെടുന്നതിനും :

എന്നാൽ ഏതെങ്കിലും തദ്ദേശ പ്രദേശത്ത് ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തി നുവേണ്ടി അംഗീകരണം ലഭിച്ച ട്രേഡ് യൂണിയനുകൾക്ക് പുറമേ, ആ വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലുള്ള വ്യക്തിഗത വ്യവസായ സ്ഥാപനങ്ങളിൽ അംഗീകരണം ലഭിച്ച ട്രേഡ് യൂണിയനുകൾ ഉണ്ടെങ്കിൽകൂടി, ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിനു വേണ്ടി അംഗീകരണം ലഭിച്ച ട്രേഡ് യൂണിയനുകൾക്ക് മാത്രമെ ആ വിഭാഗത്തിൽപ്പെട്ട വ്യവസാ യത്തെ മൊത്തമായി ബാധിക്കുന്ന പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് അവകാശമുണ്ടായിരിക്കു കയുള്ളു ;

(ബി) ഒരു വ്യാവസായിക സ്ഥാപനത്തിന്റെ പരിസരത്തിനുള്ളിലുള്ള ട്രേഡ് യൂണിയനിലെ അംഗങ്ങൾ നൽകേണ്ടതായ അംഗത്വ ഫീസ്, വരിസംഖ്യ, അല്ലെങ്കിൽ മറ്റേ തെങ്കിലും കുടിശ്ശികകൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പിരിച്ചെടുക്കുന്നതിനും ;

(സി) ഏത് വ്യാവസായിക സ്ഥാപനം സംബന്ധിച്ചാണോ അതിന് അംഗീകരണം ലഭിച്ചിട്ടുള്ളത്, ആ വ്യാവസായിക സ്ഥാപനത്തിന്റെ പരിസരങ്ങളിൽ ഒരു നോട്ടീസ് ബോർഡ് സ്ഥാപിക്കുകയോ സ്ഥാപിക്കാൻ ഇടയാക്കുകയോ ചെയ്യുന്നതിനും മീറ്റിംഗുകളു

മായി ബന്ധപ്പെട്ട നോട്ടീസുകളും അതിന്റെ വരവിന്റെയും ചെലവിന്റെയും കണക്കുകളുടെ സ്റ്റേറ്റ്മെന്റുകളും അവഹേളനപരമല്ലാത്തതും, അസഭ്യമല്ലാത്തതോ അച്ചടക്കത്തിനു വിരുദ്ധമല്ലാത്തതോ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥ കൾക്ക് വിരുദ്ധമല്ലാത്തതും ആയ മറ്റ് പരസ്യങ്ങളെ സംബന്ധിച്ച നോട്ടീസുകൾ പതിക്കു കയോ പതിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്നതിനും ;

(ഡി) (എ) ഖണ്ഡത്തിൽ വിനിർദേശിച്ചിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ഏതെങ്കിലും തർക്കം തടയുന്നതിനോ ഒത്തുതീർപ്പാക്കുന്നതിനോ ഉള്ള ആവശ്യത്തിനു വേണ്ടി,—

(i) നിയോജകന്റെ സമ്മതത്തോടുകൂടി വ്യാവസായിക സ്ഥാപനത്തിന്റെ പരിസ രത്തിനുള്ളിലുള്ള ഒരു അനുയോജ്യമായ സ്ഥലത്തോ സ്ഥലങ്ങളിലോ ട്രേഡ് യൂണിയനിൽ അംഗങ്ങളായ തൊഴിലാളികളുമായി, ചർച്ചകൾ നടത്തുന്നതിനും ; കൂടാതെ

(ii) നിയോജകൻ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി അദ്ദേഹം നിയമിച്ച ഏതെങ്കിലും ആളുമായി കൂടിക്കാഴ്ചയ്ക്കും ചർച്ചയ്ക്കും ;

(ഇ) ഒരു വ്യാവസായിക സ്ഥാപനത്തിൽ ഏതെങ്കിലും നിയോജകനാൽ രൂപീകരിക്കപ്പെടാവുന്ന പ്രൊഡക്ഷൻ കമ്മിറ്റി, വെൽഫെയർ കമ്മിറ്റി, ഹൗസ് അലോ ട്ട്മെന്റ് കമ്മിറ്റി എന്നിവ പോലുള്ള നോൺസ്റ്റാറ്റ്യൂട്ടറി ഇരുകക്ഷി കമ്മിറ്റികളിലേക്ക് അതിന്റെ പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യുന്നതിനും,

അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു ട്രേഡ് യൂണിയന്റെ അവകാശ ങ്ങൾ, 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റ് പ്രകാരം ഏതെങ്കിലും അംഗീകരണ മില്ലാത്ത ട്രേഡ് യൂണിയനുകൾ അനുഭവിക്കുന്ന അവകാശങ്ങൾക്ക് ഭംഗം വരാത്തവിധം ആയിരിക്കേണ്ടതാണ്.

11. അംഗീകൃത ട്രേഡ് യൂണിയനുകളുടെ റിട്ടേണുകൾ.—എല്ലാ അംഗീകൃത ട്രേഡ് യൂണിയനുകളും നിർണ്ണയിക്കപ്പെടാവുന്ന തീയതികളിലും രീതിയിലും രജിസ്ട്രാർക്ക് റിട്ടേ ണുകൾ സമർപ്പിക്കേണ്ടതാണ്.

12. റിട്ടേണുകൾ സമർപ്പിക്കുന്നതിലുള്ള വീഴ്ച.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയാലോ വ്യവസ്ഥയിൻകീഴിലോ ആവശ്യപ്പെടുന്ന പ്രകാരം ഏതെങ്കിലും നോട്ടീസ് നൽകുന്നതിലോ ഏതെങ്കിലും സ്റ്റേറ്റ്മെന്റോ മറ്റ് രേഖയോ അയക്കുന്നതിലോ ഏതെങ്കിലും അംഗീകൃത ട്രേഡ് യൂണിയന്റെ ഭാഗത്തുനിന്നും വീഴ്ച വന്നാൽ, ട്രേഡ് യൂണിയന്റെ ചട്ടങ്ങളാൽ അത് നൽകാനോ അയക്കാനോ ബാദ്ധ്യസ്ഥനായ ഓരോ ഭാര വാഹിയും, അല്ലെങ്കിൽ മറ്റ് ആളും, അല്ലെങ്കിൽ അങ്ങനെയുള്ള ഒരാൾ ഇല്ലാത്തപക്ഷം, ട്രേഡ് യൂണിയന്റെ എക്സിക്യൂട്ടീവിലെ ഓരോ അംഗവും, അഞ്ചുരൂപ വരെയാകാവുന്ന പിഴയും, തുടരുന്ന വീഴ്ചയുടെ സംഗതിയിൽ, വീഴ്ച തുടരുന്ന ആദ്യത്തെ ആഴ്ചയ്ക്കുശേഷമുള്ള ഓരോ ആഴ്ചയ്ക്കും അഞ്ച് രൂപവരെയാകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ പിഴ മൊത്തത്തിൽ അമ്പതു രൂപയിൽ കവിയാൻ പാടുള്ളതല്ല.

13. അംഗീകരണം നൽകുന്നതിൽ വരുത്തുന്ന വീഴ്ചയ്ക്കോ നിഷേധിക്കലിനോ ഉള്ള ശിക്ഷ.—9-ാം വകുപ്പ് ആവശ്യപ്പെടുന്നതുപോലെ ഒരു ട്രേഡ് യൂണിയന് അംഗീകരണം നൽകുന്നതിൽ ഏതെങ്കിലും നിയോജകൻ വീഴ്ച വരുത്തുകയോ നിഷേധിക്കുകയോ ചെയ്യുകയാണെങ്കിൽ, ആയിരം രൂപ വരെയാകാവുന്ന പിഴയോ ആറ് മാസം വരെയാകാവുന്ന തടവോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി അയാൾ ശിക്ഷിക്കപ്പെടുന്നതാണ്.

14. നിയമപ്രകാരമുള്ള യൂണിയൻ പ്രവർത്തനത്തിന് സംരക്ഷണം.—ഓരോ നിയോജകനും നിർണ്ണയിക്കപ്പെട്ട രീതിയിൽ നിയമപ്രകാരമുള്ള യൂണിയൻ പ്രവർത്തനത്തിന് സംരക്ഷണം നൽകേണ്ടതും, സോൾ ബാർഗെയിനിംഗ് ഏജന്റിന്റെയോ, പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റിന്റെയോ, ജോയിന്റ് ബാർഗെയിനിംഗ് കൗൺസിൽ അംഗങ്ങളുടെയോ പ്രതിനിധികൾക്ക് പരസ്പരാലോചനകളിൽ/അനുരഞ്ജനങ്ങളിൽ പങ്കെടുക്കുന്നതിനുവേണ്ടി അവധിയുൾപ്പെടെയുള്ള മറ്റ് യുക്തിസഹമായ അവസരവും നൽകേണ്ടതുമാണ്.

15. ഒഴിവാക്കുന്നതിനുള്ള അധികാരം.—സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഏതെങ്കിലും വ്യവസായ സ്ഥാപനത്തെയോ, ഒരു തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങളെയോ, അതതുസംഗതിപോലെ, ഈ ആക്റ്റിലെ വ്യവസ്ഥകളുടെ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

16. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, അത്തരം വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്കായി ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും അതിന് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്നതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ടുവർഷം കഴിഞ്ഞതിനുശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

17. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വെയ്ക്കേണ്ടതും, അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം

ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യ മുണ്ടായിരിക്കുകയോ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1926-ലെ ട്രേഡ് യൂണിയൻ ആക്റ്റ് (1926-ലെ 16-ാം കേന്ദ്ര ആക്റ്റ്) ട്രേഡ് യൂണി യനുകളുടെ രജിസ്ട്രേഷനും ചില സംഗതികളിൽ ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷ നുമായി ബന്ധപ്പെട്ട നിയമം നിർവ്വചിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. അതിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രേഡ് യൂണിയനുകളുടെ അംഗീകരണത്തിനുവേണ്ടിയുള്ള യാതൊരു വ്യവസ്ഥയും പ്രസ്തുത ആക്റ്റിൽ ഇല്ല. ട്രേഡ് യൂണിയൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിമിത്തം ഒരു സ്ഥാപനത്തിൽ പരിഹരണീയമായ തർക്കങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. മേൽപ്പറഞ്ഞ വൈഷമ്യങ്ങൾ തരണം ചെയ്യുന്നതിനുവേണ്ടി, ഓരോ വ്യവസായ സ്ഥാപനത്തേയും സംബന്ധിച്ച്, ചില നിബന്ധനകൾ പാലിക്കുന്ന പക്ഷം, സംഘടിതമായ വിലപേശൽ സുഗമമാക്കുന്നതിനും വ്യാവസായിക സ്ഥാപനങ്ങളിൽ ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കുന്ന തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടിയും ട്രേഡ് യൂണിയനുകളുടെ അംഗീ കരണത്തിനുവേണ്ടി വ്യവസ്ഥ ചെയ്യുന്ന ഒരു നിയമ നിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ, നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾ, സർക്കാർ നിശ്ചയിച്ചേക്കാവുന്ന തീയതിയിൽ, പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകുന്നു.

2. ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഏതെങ്കിലും വ്യാവസായിക സ്ഥാപന ത്തിൽ തൊഴിലെടുക്കുന്ന അൻപതിൽ കുറയാത്ത എണ്ണം ആളുകൾക്ക് അവർക്ക് യഥാ വിധി നോട്ടീസ് നൽകിയതിനുശേഷം, ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 1-ാം ഖണ്ഡം (3ബി) ഉപഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധന കൊണ്ട് ഉദ്ദേശിക്കുന്നു.

3. ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, സർക്കാരിന് അതിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനെ ട്രേഡ് യൂണിയനുകൾക്ക് അംഗീകരണം നൽകുന്നതിനുവേണ്ടിയുള്ള

രജിസ്ട്രാറായി നിയമിക്കുന്നതിനും, അയാളുടെ അധികാരങ്ങളും കർത്തവ്യങ്ങളും നിർണ്ണയിക്കുന്നതിനും സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

4. അംഗീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ടിയുള്ള ഫീസും, അപേക്ഷ സമർപ്പിക്കേണ്ടത് ഏതു രീതിയിലാണെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

5. രജിസ്ട്രാർ സൂക്ഷിക്കേണ്ട രജിസ്റ്ററും അംഗീകരണ സർട്ടിഫിക്കറ്റ് ഏതു രീതിയിൽ നൽകണമെന്നും നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 5-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

6. അധികാരസ്ഥാനത്തിനു മുൻപാകെ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള ഫീസും, ഫാറവും, മറ്റു വിവരങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 7-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

7. ട്രേഡ് യൂണിയനുകളുടെ അംഗീകരണം ഏതു രീതിയിൽ നൽകണമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 9-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

8. വ്യാവസായിക സ്ഥാപനത്തിന്റെ പരിസരത്തിനുള്ളിലുള്ള ട്രേഡ് യൂണിയനിലെ അംഗങ്ങൾ നൽകേണ്ടതായ അംഗത്വ ഫീസ്, വരിസംഖ്യ അല്ലെങ്കിൽ മറ്റേതെങ്കിലും കുടിശ്ശികകൾ പിരിച്ചെടുക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

9. അംഗീകൃത ട്രേഡ് യൂണിയനുകൾ റിട്ടേണുകൾ സമർപ്പിക്കേണ്ടതായ തീയതി നിശ്ചയിക്കുന്നതിനും അവ ഏതു രീതിയിലായിരിക്കണമെന്നും നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 11-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

10. ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഏതെങ്കിലും വ്യാവസായിക സ്ഥാപനത്തെയോ ഒരു തദ്ദേശ പ്രദേശത്തെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട വ്യവസായത്തെയോ, അതതു സംഗതിപോലെ, ഈ ആക്റ്റിലെ വ്യവസ്ഥകളുടെ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 15-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

11. ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ ഉണ്ടാകുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ, ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 16-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

12. ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 17-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

13. ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകളോ വിജ്ഞാപനങ്ങളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ, ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടു കൂടിയതാകുന്നു.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)